പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5246

31.10.2016-ലെ മറുപടി നൽകേണ്ടിയിരുന്നത്

ചികിത്സാ ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കടുത്തുരുത്തി എം.എൽ.എയുടെ ശിപാർശ പ്രകാരം എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | 2016 മുതൽ cmo.kerala.gov.in എന്ന വെബ് അഡ്രസ്സിൽ പുതിയ CMO പോർട്ടൽ സോഫ്റ്റ് വെയറിൽ രൂപീകരിച്ച് പ്രവർത്തനം തുടങ്ങുകയും, പരാതി പരിഹാരത്തിനുള്ള ദുരിതാശ്വാസ ധനസഹായം നേരിട്ട് അപേക്ഷകന്റെ അക്കൗണ്ടിലേക്ക് ഈ സോഫ്റ്റ് വെയർ വഴി നൽകി വരികയുമാണ്. സെക്രട്ടേറിയറ്റ്, ഡയറക്ടറേറ്റ്, ഫീൽഡ് ഓഫീസുകൾ ഉൾപ്പെടെ പതിനായിരം ഓഫീസുകൾ ഈ ശൃംഖലയിലുണ്ട്. MLA ക്കും, MP ക്കും, അപേക്ഷകനും ധനസഹായത്തിന് അപേക്ഷിക്കാനും, സ്റ്റാറ്റസ് പരിശോധിക്കാനും സാധിക്കുന്നു. CMDRF ൽ ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരങ്ങൾ മണ്ഡലം അടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല എന്നു പറയുന്നത് പുതിയ സോഫ്റ്റ് വെയറിലെ തകരാറാണെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | പുതിയ സോഫ്റ്റ് വെയർ ഡെവലപ്മെന്റിലെ പോരായ്മകൾ മനസ്സിലാക്കി പഴയ സോഫ്റ്റ് വെയർ ആയ ഐഡിയാസ് (Ideas)-ന്റെ നവീകരിച്ച രൂപം തയ്യാറാക്കാൻ ശ്രമിക്കുമോ; | | |
| | | | |

| | | | |
|---|---|---|---|
| (ഡി) | എം.എൽ.എ- മാർ എം.പി-മാർ എന്നിവരെ ഒഴിവാക്കി ധനസഹായ വിതരണം നൽകുന്നതിനുള്ള പ്രത്യേക സർക്കാർ ഉത്തരവിന്റെ കോപ്പിലഭ്യമാക്കാമോ ; | (ഡി) യും (ഇ) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ഇത്തരമൊരു ഉത്തരവ് 29.04.2015-ലാണ് പുറപ്പെടുവിച്ചിരുന്നത്. 29.04.2015-ലെ ജി.ഒ. (ആർ റ്റി) 2248/15/റവന്യൂ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന തിനുള്ള പരിധി ഉയർത്തി 03.09.16 ലെ സ .ഉ. (കയ്യെഴുത്ത്) നം. 4 9 2 / 1 6 / റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |
| (ഇ) | ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ഈ സർക്കാർ എത്ര ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ട് ; പകർപ്പ് ലഭ്യമാക്കുമോ ? | | |

Signed by
Rakesh Paul
Date: 14-05-2026 14:49:35
സെക്ഷൻ ഓഫീസർ